ഉത്തരം

(എ, ബി & സി) ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

ഗ്രാമീണ വിനോദസഞ്ചാര മേഖലകൾ പരിപോഷിപ്പിക്കാൻ നടപടി

84 [2701] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ വിനോദസഞ്ചാരമേഖലകൾ കണ്ടെത്തുവാനും പരിപോഷിപ്പിക്കാനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) ഇത് സംബന്ധിച്ച പ്രവർത്തനം എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും തനത് പാരമ്പര്യ കലകൾ പരിപോഷിപ്പിച്ചും ടൂറിസം വികസനം സാധ്യമാക്കുന്നതിനു വേണ്ടി റൂറൽ ടൂറിസം എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കുമ്പളങ്ങി, ആറൻമുള, ബാലരാമപുരം എന്നീ ഗ്രാമങ്ങളെ ടൂറിസം ഗ്രാമങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കുമ്പളങ്ങിയുടെ വികസനത്തിന് അൻപതു ലക്ഷം രൂപ കേന്ദ്ര സഹായം ഉൾപ്പെടെ 150 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. കൂടാതെ UNDP സഹായമായി 20 ലക്ഷം രൂപ വീതം കുമ്പളങ്ങിക്കും ആറൻമുളക്കും ലഭിച്ചിട്ടുണ്ട്. ബാലരാമപുരത്തിന്റെ വികസനത്തിനു വേണ്ടി 50 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. തുടർപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സ്കൂളുകളിലും കോളേജുകളിലും ടൂറിസം ക്ലബ്ബുകൾ

85 [2702] പ്രൊഫ. കെ. വി. തോമസ്:

ശ്രീ. വി. ജെ. പൗലോസ്:

,, എം. കെ. പോൾസൺ മാസ്റ്റർ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ടൂറിസം ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ടോ;

† അനുബന്ധം XVI, XVI 'എ' & XVI 'ബി'

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ ടൂറിസം വകുപ്പിനുള്ള പങ്ക് എന്താണ്; ക്ലബ്ബുകൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നു;

(സി) സ്കൂൾ സിലബസിൽ ടൂറിസത്തെപ്പറ്റിയുള്ള പാഠങ്ങൾ ഉൾപ്പെടുത്തുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ ക്ലബ്ബിനും പ്രതിവർഷം 2500 രൂപ ധനസഹായം നൽകുന്നുണ്ട്. ഓരോ ജില്ലയ്ക്കും 50,000 രൂപ വീതം ജില്ലാതല പരിപാടികൾക്കുള്ള ധനസഹായം, ഓരോ ജില്ലയ്ക്കും 25,000 രൂപ വീതം ഫെമിലറൈസേഷൻ ടൂറിനുള്ള ധനസഹായം, എന്നിവയ്ക്ക് പുറമേ പ്രത്യേക ബോധവൽക്കരണ പദ്ധതികൾ സമർപ്പിക്കുന്ന ക്ലബ്ബുകൾക്ക് അധിക സാമ്പത്തിക സഹായം നൽകുന്ന പുതിയ പദ്ധതി പ്രകാരം ഓരോ ജില്ലയിലെയും 10 ക്ലബ്ബുകൾക്ക് 5,000 രൂപ വീതം ധനസഹായമായി നൽകിവരുന്നു.

(സി) ഉണ്ട്.

കേരളാഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

86 [2703] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂഡൽഹിയിലെ കേരളാ ഹൗസിൽ നിന്ന് ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാകുന്ന സേവനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണ്;

(ബി) ഇതിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) ജീവനക്കാർക്ക് സർവ്വീസ് റൂൾ നിലവിലുണ്ടോ;

(ഡി) ആകെ എത്ര ജീവനക്കാരുണ്ട്; തസ്തിക തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ഇ) സ്ഥിര നിയമനം ലഭിച്ചവരും താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും എത്ര;

(എഫ്) കേരളാ ഹൗസ് പൂർണ്ണമായും ടൂറിസം വകുപ്പിന് കീഴിലാക്കി പ്രവർത്തനം മെച്ചപ്പെടുത്താനും കൂടുതൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly